# മലങ്കര സ്ലീഹായുടെ സിംഹാസനത്തിന്റെ
# ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

## സർക്കുലർ നമ്പർ 105

*നമ്മുടെ സഭയിലെ തിരുമേനിമാർക്കും, വികാരി ജനറാളന്മാർക്കും, വികാരി അച്ചന്മാർക്കും, മററ് പട്ടക്കാർക്കും, ഇടവക ചുമതലക്കാർക്കും, വിശ്വാസികളായ ജനങ്ങൾക്കും കർത്താവിന്റെ വാഴ്വുകൾ*

കർത്താവിൽ പ്രിയരെ,

നമ്മുടെ പള്ളികളിലെ കല്ലറകളുടെ ഉപയോഗം, നിർമ്മാണം, ഫീസ് തുടങ്ങിയവയെ സംബന്ധിച്ച് 1985-ലെ 194-ാം നമ്പറും 1991-ലെ 319-ാം നമ്പറും 1999-ലെ 519-ാം നമ്പറും 2000-ലെ 31-ാം നമ്പറും കല്പനകളിലൂടെ ഏവരെയും അറിയിച്ചിട്ടുള്ളതാണല്ലോ. ആയത് ഏകോപിപ്പിച്ചുകൊണ്ട് ഈ കല്പനമൂലം ഏവരെയും അറിയിച്ചുകൊള്ളുന്നു.

### I. കല്ലറകളുടെ വിസ്തീർണ്ണം:-

1. ഒരു ഒററ കല്ലറക്ക് അനുവദിക്കുന്ന വിസ്തീർണ്ണം മേലാൽ കൽക്കെട്ട് ഉൾപ്പെടെ $3^1/_2$' X 8' ആയിരിക്കുന്നതാണ്. ഇതിൽ കൂടുതൽ സ്ഥലം ആവശ്യമായി വന്നാൽ ഒരു കല്ലറയ്ക്കുള്ള ഫീസു കൂടെ നൽകേണ്ടതാണ്. കല്ലറ നിർമ്മിക്കുമ്പോൾ ഇടവക ചുമതലക്കാരുടെ അനുവാദത്തോടെയും സമീപെ അര അടിയിൽ കൂടുതൽ സ്ഥലം നഷ്ടപ്പെടുത്താതെയും ഇരിക്കണം.

2. പുതിയതായി നിർമ്മിക്കുന്ന കുടുംബക്കല്ലറകൾക്ക് രണ്ട് കല്ലറകളുടെ (2 cells) വിസ്തൃതിയിൽ കുറയാതെയും മൂന്നു കല്ലറകളുടെ (3 cells) വിസ്തൃതിയിൽ കൂടാതെയും ഇരിക്കുന്നതാണ്.

### II. കല്ലറകൾ പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ:

1. കുടുംബക്കല്ലറ നിർമ്മിക്കുന്നതിന് പ്രത്യേക അപേക്ഷ വികാരിക്കു നൽകേണ്ടതാണ്.

2. നിലവിലിരിക്കുന്ന ഒററക്കല്ലറ കുടുംബ കല്ലറയായി രൂപപ്പെടുത്താവുന്നതാണ്. പുതുതായി ഒരു കല്ലറയുടെ സ്ഥലം മാത്രം ഉപയോഗിച്ച് കുടുംബ കല്ലറ പണിയുന്നതിനും അനുവദിക്കുന്നു. ഒന്നിലധികം സെല്ലുകളുള്ള കുടുംബക്കല്ലറകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ഈ ഒററ സെൽ കല്ലറയ്ക്കും ബാധകമായിരിക്കും. ഇപ്രകാരം നിർമ്മിക്കുന്ന സെല്ലുകൾക്ക് 6 അടി എങ്കിലും ഉള്ളിൽ ആഴം ഉണ്ടായിരിക്കണം.

3. കല്ലറകൾക്ക് ഉയരം കുരിശ് ഉൾപ്പെടെ $5^1/_2$ അടിയിൽ കൂടാൻ പാടില്ല.

4. കല്ലറകൾ വ്യക്തമായി തിരിച്ചറിയും വിധം പേരും തീയതിയും ശവസംസ്ക്കാരാനന്തരം കല്ലറയിൽ രേഖപ്പെടുത്തേണ്ടതാണ്.

5. പുതിയ കല്ലറകൾ മുകളിൽ നിന്നും സ്ലാബ് പൊക്കി മൃതശരീരം അടക്കത്തക്കവിധം പണിയുന്നത് അഭിലഷണീയമാണ്.

6. ഒരേ കുടുംബത്തിലെ അംഗങ്ങളുടെ കല്ലറകൾ അടുത്ത് നിലവിലിരിക്കുന്ന പക്ഷം അവകൾ ചേർത്ത് കുടുംബക്കല്ലറകൾ നിർമ്മിക്കാവുന്നതാണ്. മൂന്നു കല്ലറകളുടെ area മാത്രം ഇത്തരം കല്ലറകൾക്കു അനുവദിക്കാൻ പാടുള്ളു.

7. പൊതുക്കല്ലറയോടു ചേർന്നുള്ള കുടുംബക്കല്ലറയും കുടുംബക്കല്ലറയുടെ പരിധിയിൽ വരുന്നതാണ്.

### III. ആരെയെല്ലാം അടക്കം ചെയ്യാം:

1. അപേക്ഷകനും ഭാര്യയും, മാതാപിതാക്കൾ, ആൺമക്കൾ, അവരുടെ ഭാര്യമാർ, അവിവാഹിതരായ പെൺമക്കൾ, കൊച്ചുമക്കളും അവരുടെ ഭാര്യമാരും എന്നിങ്ങനെയുള്ള ഇടവകാംഗങ്ങൾ.

2. പഴയ ഒററക്കല്ലറകൾ തുറന്ന് ഭാര്യാഭർത്താക്കന്മാരെ അടക്കാവുന്നതാണ്. അതായത് ഭർത്താവിന്റെ കല്ലറയിൽ ഭാര്യയെയും, ഭാര്യയുടെ കല്ലറയിൽ ഭർത്താവിനെയും.

3. ഒരു കല്ലറയുടെ ഉടമസ്ഥൻ തന്റെ കല്ലറയിൽ (ഒററ കല്ലറയോ, കുടുംബ കല്ലറയോ ഏതായാലും) മാർത്തോമ്മാ സഭാംഗമായ ഒരാളുടെ മൃതദേഹം സംസ്ക്കരിക്കുന്നതിന് അനുവദിക്കണമെന്ന് രേഖാമൂലം അപേക്ഷിച്ചാൽ ഇടവക വികാരിയുടെയും ട്രസ്റ്റിമാരുടെയും സമ്മതത്തോടുകൂടെ അപ്രകാരം ശവസംസ്ക്കാരം നടത്തുന്നതിന് അനുവാദം ഉണ്ടായിരിക്കും.

## IV. കല്ലറ ഫീസ്:

1. ഭാര്യാഭർത്താക്കന്മാരെ അടക്കുന്നതിന് നിലവിലുള്ള കല്ലറ ഫീസിന്റെ പകുതിയോ 500 രൂപയോ കുറവ് ഏതോ അത് ചുമത്താവുന്നതാണ്.

2. പുതിയ കുടുംബകല്ലറ അനുവദിക്കുന്നതിന് ഫീസ് ആയിട്ട് നിലവിലിരിക്കുന്ന കല്ലറ ഫീസിന്റെ ഇരുപത്തഞ്ച് ശതമാനം കൂടി area അനുസരിച്ച് ചുമത്താവുന്നതാണ്.

3. കുടുംബകല്ലറ ഫീസ് സംബന്ധിച്ചുള്ള നിയമങ്ങൾ പൊതുകല്ലറയോടു ചേർന്നുള്ള കുടുംബകല്ലറയ്ക്കും ബാധകമായിരിക്കുന്നതാണ്. എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിച്ചിട്ടുള്ള കുടുംബകല്ലറയുടെ വീണ്ടുമുള്ള ഉപയോഗത്തിന്റെ ഫീസ് 500 രൂപാ (കാലാകാലങ്ങളിൽ എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന തുകയോ) പൊതുകല്ലറയോടു ചേർന്നുള്ള കുടുംബകല്ലറയ്ക്കും ബാധകമായിരിക്കും.

4. പുതുതായി നിർമ്മിക്കുന്ന കുടുംബകല്ലറകളിൽ ഓരോ cell-ലും ആദ്യത്തെ അടക്കത്തിന് ഫീസ് ചുമത്തുന്നതല്ല. തുടർന്നുള്ള അടക്കത്തിന് ഓരോന്നിലും നിലവിലുള്ള ഫീസിന്റെ പകുതിയോ 500 രൂപായോ കുറവായത് ചുമത്താവുന്നതാണ്.

5. ഒരു കല്ലറയുടെ ഉടമസ്ഥൻ തന്റെ കല്ലറയിൽ (ഒററ കല്ലറയോ, കുടുംബ കല്ലറയോ ഏതായാലും) മാർത്തോമ്മാ സഭാംഗമായ ഒരാളുടെ മൃതദേഹം സംസ്ക്കരിക്കുമ്പോൾ നിലവിലുള്ള കല്ലറ ഫീസിന്റെ പകുതിയോ 500 രൂപയോ കൂടുതൽ ഏതോ അത് കല്ലറ ഫീസായി നൽകേണ്ടതാണ്.

6. ഒരേ കുടുംബത്തിലെ അംഗങ്ങളുടെ കല്ലറകൾ അടുത്തിരിക്കുന്നപക്ഷം അവകൾ ചേർത്ത് കുടുംബകല്ലറ നിർമ്മിക്കുമ്പോൾ നിലവിലിരിക്കുന്ന കല്ലറ ഫീസിന്റെ 25% area അനുസരിച്ച് കൊടുക്കേണ്ടതാണ്. അതിൽ അടക്കം ചെയ്യുമ്പോൾ കല്ലറ ഫീസിന്റെ നിലവിലുള്ള നിരക്കിന്റെ പകുതിയോ 500 രൂപയോ കുറവ് ഏതോ അത് കൊടുക്കേണ്ടതാണ്.

## V. സെമിത്തേരിയിൽ നിന്നുള്ള വരുമാനത്തിന്റെ ഉപയോഗം:

1. സെമിത്തേരിയിൽ നിന്നുള്ള വരവ് ഇടവകയുടെ മററ് ദൈനംദിന ആവശ്യത്തിന് ഉപയോഗിക്കാതെ സെമിത്തേരി സംബന്ധിച്ച ചെലവിന്, അതായത് സെമിത്തേരി കെട്ടിടം നിർമ്മിക്കുന്നതിന്, ശ്മശാനത്തിന് സ്ഥലം സമ്പാദിക്കുന്നതിന്, മതിൽ കെട്ടുന്നതിന്, അററകുററപ്പണികൾ, സംരക്ഷണം, ശവമഞ്ചം ആദിയായ ആവശ്യങ്ങൾക്ക് വേർതിരിച്ച് ഉപയോഗിക്കേണ്ടതാണ്.

## VI. പട്ടക്കാരുടെ ശവസംസ്ക്കാരം:

1. പട്ടക്കാരുടെ ശവസംസ്ക്കാരത്തിന് കല്ലറ ഫീസ് ഇടവകകൾ ചാർജ് ചെയ്യാതിരിക്കുന്ന പുരാതനമായ കീഴ്നടപ്പ് തുടരുന്നത് ആശാസ്യമായിരിക്കും.

മേല്പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടായാൽ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ തീരുമാനം അന്തിമം ആയിരിക്കും.

കർത്താവ് യേശുമ്ശിഹായുടെ കൃപയും സമാധാനവും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

2004 ഫെബ്രുവരി 2-ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും,

P Chrysostom +

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത.